# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിക്ക് യു.എൻ. അംഗീകാരം

കൊച്ചി: നാളികേര വികസന ബോർഡിന്റെ സംരംഭമായ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം. ബാങ്കോക്കിൽ ഇരുപത്തിയഞ്ചോളം നാളികേരോത്പാദക രാജ്യങ്ങൾ പങ്കെടുത്ത ഐക്യരാഷ്ട്ര സഭയുടെ ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ ഏഷ്യ-പസഫിക് സമ്മേളനത്തിലാണ് അംഗീകാരം ലഭിച്ചത്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയും നാളികേര ഉത്പാദക സംഘം മുതൽ ഉത്പാദക കമ്പനി വരെയുള്ള കർഷക കൂട്ടായ്മകളും 'മികച്ച ഇന്ത്യൻ മാതൃകകൾ' എന്ന നിലയിൽ മറ്റു രാജ്യങ്ങൾ പിന്തുടരണമെന്ന അഭിപ്രായം ഉയർന്നു.

2011 ആഗസ്റ്റ് 17 ന് കേരളത്തിലെ 11 ജില്ലകളിലായാണ് പദ്ധതി തുടങ്ങിയത്. പിന്നീട് മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിച്ചു. വിജയകരമായി തുടരുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിലൂടെ ഇതിനകം 20,000-ലധികം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പാരമ്പര്യ തെങ്ങുകയറ്റത്തൊഴിലാളികൾ ഈ രംഗത്തുനിന്ന് പിൻവാങ്ങിയതിനെ തുടർന്ന് ഇതിന് പരിഹാരമെന്ന നിലയിലാണ് നാളികേര വികസന ബോർഡ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി തുടങ്ങിയത്.

# കയർ കോർപ്പറേഷനിലെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നാളെ

ആലപ്പുഴ: കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ നവീകരണ നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ആലപ്പുഴ ഹെഡ് ഓഫീസിൽ കയർ മന്ത്രി അടൂർ പ്രകാശ് വെള്ളിയാഴ്ച രാവിലെ 9.30ന് നിർവഹിക്കുമെന്ന് കയർ കോർപ്പറേഷൻ ചെയർമാൻ കെ. ആർ.രാജേന്ദ്രപ്രസാദ് പത്രസമ്മേളനത്തിൽ അറിയിച്ചു.

110 കോടി രൂപയുടെ വികസനപദ്ധതികളാണ് കയർകോർപ്പറേഷനിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്.

ഇതിന്റെ പൂർത്തികരണം 2014 ഡിസംബറിലാകുമെന്നും അദ്ദേഹം അറിയിച്ചു. വികസന പ്രവർത്തനങ്ങൾ കോർപ്പറേഷന്റെ മറ്റ് യുണിറ്റുകളായ കോഴിക്കോട്, ബേപ്പൂർ, കണിച്ചുകുളങ്ങര, അടൂർ എന്നിവിടങ്ങളിലും നടക്കും.

കയർ കോർപ്പറേഷന്റെ ചരിത്രത്തിലാദ്യമായി വിറ്റുവരവ് ഒൻപതു മാസംകൊണ്ട് 80 കോടിയെത്തി. വിദേശ മാർക്കറ്റുകളിൽ രണ്ട് വർഷത്തിനിടയിൽ അഞ്ചുകോടിയോളം രൂപയുടെ ഉത്പന്നങ്ങൾ വിറ്റഴിഞ്ഞു.

പത്രസമ്മേളനത്തിൽ കയർ കോർപ്പറേഷൻ എം.ഡി. ജി.എൻ. നായർ, ബിസിനസ്സ് മാനേജർ സുനുരാജ്, മാനേജർ ബിനു ജോർജ്, പി.എ. റോബി, ഹരിശ്ചന്ദ്രൻ എന്നിവർ പങ്കെടുത്തു.